**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. ആരംഭിച്ചത് മുതൽ നാളിതുവരെ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം മുഴുവനും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017–18-ൽ 57.32 കോടി രൂപയും, 2018–19 ൽ 25.79 കോടി രൂപയും, 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.<br><br>2021-2022 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കുവാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷം ഏപ്രിൽ - മെയ് മാസത്തിൽ ബാക്കി 823.30 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കുവാൻ ഉണ്ട്. സംസ്ഥാനത്തിന് ലഭിക്കുവാനുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എല്ലാ മാസവും കൃത്യ സമയത്തുതന്നെ ലഭ്യമാകുന്നുണ്ട്. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം എന്നുവരെ അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ ഇത് മൂലമുണ്ടാകുന്ന നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 30.06.2022 ന് അവസാനിക്കും.<br><br>ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിക്കുന്ന സാഹചര്യത്തിൽ ഇത് മൂലമുണ്ടാകുന്ന നഷ്ടം നികത്താൻ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br><br>ഉപഭോക്താക്കളിൽ നിന്നും ഉത്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതി പണം ഖജനാവിലേക്ക് |

| | | | |
|---|---|---|---|
| | | | അടയ്ക്കാത്ത വ്യാപാരികളുടെ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നികുതി നിർണ്ണയങ്ങൾ അനിവാര്യമായ, വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണന പട്ടിക തയ്യാറാക്കിയ കേസുകളിൽ പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും നടത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>വിറ്റുവരവിലെ വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-ബിൽ ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം ടി.ഡി.എസ്./ടി.സി.എസ്. റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്.<br><br>ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനം നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിങ്ങ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മപരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രഡിറ്റും കണ്ടെത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തിർപ്പാക്കുന്നുണ്ട്. |
| (സി) | ജി.എസ്.ടി. നിലവിൽ വന്ന് അഞ്ച് വർഷത്തിലേറെയായിട്ടും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വളർച്ച കൈവരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്.<br><br>ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികതിനിരക്ക് സംസ്ഥാന ജിഎസ്.ടി.-യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.<br><br>സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |

സെക്ഷൻ ഓഫീസർ